പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3455 — 18-02-2013- ൽ മറുപടിയ്ക്ക്

## ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ.എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി തുടർന്നു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പദ്ധതി തുടർന്ന് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നുമെടുത്തിട്ടില്ല. |
| (ബി) ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതി ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 31.03.2012-ന് മുമ്പ് എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം നൽകിവരുന്നു. ആശ്രയ പദ്ധതി, സാഫല്യം സമ്പൂർണ്ണ ഭവന പദ്ധതി, കേന്ദ്രാവി ഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ്യോജന എന്നീ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (സി) പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന 2 ലക്ഷം രൂപയുടെ ഭവന നിർമ്മാണ പദ്ധതിയുടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; | (സി) അനുവദിക്കുന്ന വീടിന്റെ സ്ഥലത്തിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും ഒഴിവാക്കുന്നതിന് ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. കരാർ പത്രം രജിസ്റ്റർ ചെയ്യുമ്പോൾ ഒടുക്കേണ്ട മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇ.എം.എസ് ഭവന പദ്ധതിക്ക് ഒഴിവാക്കിക്കൊണ്ട് 16.07.2009-ലെ സ.ഉ (പി)127/2009/ടി.ഡി പ്രകാരം ഉത്തരവായിരുന്നു. ഇന്ദിരാ ആവാസ് യോജനയിൽ സ്റ്റാമ്പ്ഡ്യൂട്ടി ഇനത്തിൽ ഈടാക്കുന്നത് 100 രൂപയാണ്. |

(....2)

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്തുകളിലൂടെ നടപ്പിലാക്കിയിരുന്ന മറ്റ് ഭവനനിർമ്മാണ പദ്ധതിയിലേതുപോലെ ഈ പദ്ധതിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ